ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

**NATIONAL BULLETIN**

DATE : 07.06.2025

പ്രധാന വാർത്തകൾ

TIME:12.50PM

1. രാജ്യത്തെ യുവാക്കളും കുട്ടികളും കാർഷിക മേഖലയുടെ വികസന ത്തിനായി മുന്നോട്ട് വരണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

**Vice President Jagdeep Dhankhar has urged the youth and children of the country to come forward for the development of the agricultural sector.**

2. അതിദാരിദ്ര്യം കുറയ്ക്കുന്നതിൽ ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചെന്ന് ലോകബാങ്ക്. ഒരു ദശക ത്തിനിടെ അതിദാരി ദ്ര്യ നിരക്ക് 5.3 ശതമാനമായി കുറ ഞ്ഞു.

**India has made remarkable progress in reducing extreme poverty,says World Bank . The extreme poverty rate has come down to 5.3 percent in a decade.**

3. ത്യാഗത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശവുമായി ഇന്ന് വിശ്വാസികൾ ബലിപെരുന്നാൾ ആഘോഷിക്കുന്നു. ഈദ്ഗാഹുകളിലും പള്ളികളിലും ഈദ് നമസ്കാരം നടന്നു.

**Eid al-Adha, the festival of sacrifice and brotherhood is being celebrated across the country today. Eid prayers were held in Eidgahs and mosques.**

4. മുതിർന്ന കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ളയ്ക്ക് വിട നൽകാനൊരുങ്ങി രാഷ്ട്രീയ കേരളം. സംസ്കാരം അല്പസമയത്തിനകം തിരുവനന്തപുരം ശാന്തികവാടത്തിൽ.

**Kerala prepares to bid farewell to senior Congress leader Thennala Balakrishna Pillai. The funeral will take place shortly at Shanthi Kavadam in Thiruvananthapuram.**

5. ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസിൽ ഇന്ന് കീരീട പോരാട്ടം. ഫൈനലിൽ ആര്യാന സബലേങ്കയും കോകോ ഗൗഫും ഏറ്റുമുട്ടും.

**In French Open women's singles Ariana Sabalenka and Coco Gauff will face each other in the finals today.**

**&&&&&&&&&&&&&&&**

## HEADLINE-1

### HP-VP-VISIT

രാജ്യത്തെ യുവാക്കളും കുട്ടികളും കൃഷിയിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കണമെന്നും കാർഷിക മേഖലയുടെ വികസനത്തിനായി മുന്നോട്ട് വരണമെന്നും ഉപരാഷ്ട്രപതി ജഗ്ദീപ്

ധൻഖർ. ഹിമാചൽ പ്രദേശിലെ സോളൻ ജില്ലയിലെ നൗനിയിലുള്ള വൈ.എസ്. പർമാർ ഹോർട്ടികൾച്ചർ ആൻഡ് ഫോറസ്ട്രി സർവകലാശാലയിലെ ഗവേഷകരേയും അധ്യാപകരേയും അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി. കർഷകരുടെ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ യുവജനങ്ങൾ മുൻകൈ എടുക്കണം. ഇതിനായി ഗ്രാമീണ മേഖലയിലെ യുവാക്കൾക്ക് വിദഗ്ധ പരിശീലനം നൽകണമെന്നും ഉപരാഷ്ട്രപതി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&

**REV PM-G7 SUMMIT-CANADA (INTRO)**

*ഈ മാസം 15 മുതൽ 17 വരെ കാനഡയിൽ നടക്കാനിരിക്കുന്ന ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി ഉച്ചകോടിയിൽ പങ്കെടുക്കാൻ ക്ഷണിച്ചതായി പ്രധാനമന്ത്രി സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. ഊർജ്ജസ്വലമായ ജനാധിപത്യ രാജ്യങ്ങളായി ഇന്ത്യയും കാനഡയും ഒരുമിച്ച് പ്രവർത്തിക്കുമെന്നും ശ്രീ മോദി പറഞ്ഞു. വളർന്നുവരുന്ന, വികസ്വര രാജ്യങ്ങളുമായുള്ള പങ്കാളിത്തം സ്ഥാപിക്കുന്നതിലാണ് ജി 7 ഉച്ചകോടി ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് കനേഡിയൻ പ്രധാനമന്ത്രി കാർണി വ്യക്തമാക്കി.*

*(വോയിസ്)*

&&&&&&&&&&&&&&

## HEADLINE-2

**WORLD BANK-POVERTY RATE**

അതിദാരിദ്ര്യം കുറയ്ക്കുന്നതിൽ ഇന്ത്യ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചതായി ലോകബാങ്ക്. ലോകബാങ്കിന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, അതിദാരിദ്ര്യ നിരക്ക് 2011-12 ലെ 27.1 ശതമാനത്തിൽ നിന്ന് 2022-23 ആയപ്പോഴേക്കും 5.3 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ ദശകത്തിൽ മൊത്തം ദാരിദ്ര്യ ലഘൂകരണത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും ഉത്തർപ്രദേശ്,

മഹാരാഷ്ട്ര, ബീഹാർ, പശ്ചിമ ബംഗാൾ, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലാണ്.

&&&&&&&&&&&&&&

## HEADLINE-3

### DAY EID-ul-AZHA

ത്യാഗത്തിന്റെ സ്മരണ ഉണർത്തി , രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്ലാം മതവിശ്വാസികൾ ഇന്ന് ബലിപെരുന്നാൾ ആഘോഷിക്കുന്നു. ഇന്ന് രാവിലെ ഈദ്ഗാഹുകളിലും പള്ളികളിലും വിശ്വാസികൾ ഈദ് നമസ്കാരം നടത്തി. ദേശീയ തലസ്ഥാനമായ ഡൽഹിയിൽ, ജുമാ മസ്ജിദ്, ഫത്തേപുരി മസ്ജിദ്, ഷാഹി ഈദ്ഗാഹ എന്നിവിടങ്ങളിലും നമസ്കാര ചടങ്ങുകൾ നടന്നു. ദൈവത്തിന്റെ കൽപന അനുസരിച്ചുകൊണ്ട് ഹസ്രത്ത് ഇബ്രാഹിം തൻറെ ഏക മകനെ ബലിയർപ്പിക്കാൻ തയ്യാറായതിന്റെ സ്മരണയ്ക്കായാണ് ബലിപെരുന്നാൾ ആഘോഷിക്കുന്നത്.

&&&&&&&&&&&&&&

### PREZ VP PM-EID-UZ-ZUHA

രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേരളാ ഗവർണർ, മുഖ്യമന്ത്രി എന്നിവർ ജനങ്ങൾക്ക് ബക്രീദ് ആശംസകൾ നേർന്നു. ബലിപെരുന്നാൾ, ത്യാഗത്തിന്റെയും വിശ്വാസത്തിന്റെയും മാനുഷിക മൂല്യങ്ങളുടെയും പ്രതീകമാണെന്നും ,ഇത് സമൂഹത്തിൽ ഐക്യത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം പ്രചരിപ്പിക്കുന്നുവെന്നും രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു.

&&&&&&&&&&&&&&

### EID (INTRO)

തിരുവനന്തപുരത്തും വിപുലമായ ബലിപെരുന്നാൾ ആഘോഷങ്ങളാണ് നടക്കുന്നത്. രാവിലെ 7 മണി മുതൽ നമസ്കാരം ആരംഭിച്ചു. നഗരത്തിലും ഗ്രാമീണ മേഖലകളിലുമെല്ലാം നൂറു കണക്കിന് വിശ്വാസികൾ പെരുന്നാൾ നമസ്കാരത്തിൽ പങ്കെടുത്തു.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.....

(വോയിസ്)

&&&&&&&&&&&&&&

**PM-FARMERS**

ഇന്ത്യയിലെ കർഷകരുടെ ക്ഷേമത്തിന് കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കഴിഞ്ഞ 11 വർഷമായി, വിവിധ സർക്കാർ സംരംഭങ്ങൾ കർഷകരുടെ അഭിവൃദ്ധി വർദ്ധിപ്പിക്കുകയും കാർഷിക മേഖലയുടെ പരിവർത്തനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ടെന്നും, കർഷക ക്ഷേമത്തിനായുള്ള സർക്കാർ ശ്രമങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ തുടരുമെന്നും ശ്രീ മോദി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

&&&&&&&&&&&&&&

**SHIVRAJ CHOUHAN-VISIT**

കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് മധ്യപ്രദേശിലെ സെഹോർ ജില്ലയിൽ ഒരു ദിവസത്തെ സന്ദർശനം നടത്തും. ഉച്ചകഴിഞ്ഞ് സെഹോറിലും ഇച്ഹാവാറിലും നിരവധി പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും. മുഖ്യമന്ത്രി മോഹൻ യാദവിനൊപ്പം 51 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾക്കും കേന്ദ്രമന്ത്രി തുടക്കം കുറിക്കും.

&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&

## HEADLINE-4

## THENNALA BALAKRISHNA PILLAI

ഇന്നലെ അന്തരിച്ച കോൺഗ്രസ് നേതാവ് തെന്നല ബാലകൃഷ്ണപിള്ളയ്ക്ക് വിട ചൊല്ലാനൊരുങ്ങി രാഷ്ട്രീയ കേരളം. സംസ്കാരം അല്പസമയത്തിനകം തിരുവനന്തപുരം ശാന്തികവാടത്തിൽ നടക്കും. കെപിസിസിസി ആസ്ഥാനത്ത് പൊതുദർശനത്തിന് വച്ച ദൗതികദേഹത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ ഉൾപ്പടെ രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക രംഗങ്ങളിലെ പ്രമുഖർ അന്തിമോപചാരം അർപ്പിച്ചു. മൂന്നു തവണ രാജ്യസഭാ എംപി, രണ്ടു തവണ വീതം നിയമസഭാംഗം, കെപിസിസി അധ്യക്ഷൻ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

**&&&&&&&&&&&&&&**

## RAFALE JETS-DASSAULT-TATA

ഫ്രാൻസിലെ ദസ്സോൾട്ട് ഏവിയേഷനും ഇന്ത്യയിലെ ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസ് ലിമിറ്റഡും സംയുക്തമായി, റഫാൽ യുദ്ധവിമാനങ്ങളുടെ ഫ്യൂസ്‌ലേജ് ഇന്ത്യയിൽ നിർമ്മിക്കുന്നതിനുള്ള നാല് കരാറുകളിൽ ഒപ്പുവച്ചു. രാജ്യത്തിന്റെ എയ്‌റോസ്‌പേസ് നിർമ്മാണ ശേഷി ശക്തിപ്പെടുത്തുന്നതിലും ആഗോള വിതരണ ശൃംഖലകളെ പിന്തുണയ്ക്കുന്നതിലുമുള്ള സുപ്രധാന ചുവടുവയ്പ്പാണിത്. ഇതാദ്യമായാണ് ഫ്രാൻസിന് പുറത്ത് റഫാൽ ഫ്യൂസ്‌ലേജുകൾ നിർമ്മിക്കുന്നത്.

**&&&&&&&&&&&&&&**

## COVID

രാജ്യത്ത് കഴിഞ്ഞ ദിവസം 391 കോവിഡ് കേസുകൾ കൂടി റിപ്പോർട്ട് ചെയ്തു. നിലവിൽ 5,755 സജീവ കോവിഡ് കേസുകളാണുള്ളത്. കേരളത്തിൽ ഇന്നലെ കോവിഡ് ബാധിച്ച് ഒരു മരണം റിപ്പോർട്ട് ചെയ്തു. 1,806 പേരാണ് സംസ്ഥാനത്ത് കോവിഡ് ചികിത്സയിൽ കഴിയുന്നത്.

**&&&&&&&&&&&&&&**

## RCB-STAMPEDE FIR

റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന്റെ ഐപിഎൽ വിജയാഘോഷത്തിനിടെ 11 പേർ മരിച്ച സംഭവത്തിൽ കർണാടക പോലീസ് അന്വേഷണം ഊർജിതമാക്കി. പരിപാടിയുടെ സംഘാടനത്തിൽ വീഴ്ച വരുത്തിയെന്ന് ആരോപിച്ച് RCB ഫ്രാഞ്ചൈസി, കർണാടക ക്രിക്കറ്റ് അസോസിയേഷൻ, ആർ.സി.ബി യുടെ ഇവന്റ് മാനേജ്മെന്റ് സ്ഥാപനം തുടങ്ങിയവർക്കെതിരെ FIR ഫയൽ ചെയ്തിട്ടുണ്ട്. അതേസമയം ക്രിക്കറ്റ് അസോസിയേഷൻ നൽകിയ ഹർജിയിൽ, അസോസിയേഷൻ ഭാരവാഹികൾക്കെതിരെ തൽക്കാലം നടപടി സ്വീകരിക്കരുതെന്ന് കർണാടക ഹൈക്കോടതി നിർദ്ദേശിച്ചു.

&&&&&&&&&&&&&&

**NILAMPUR BY ELECTION**

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. എൽ.ഡി.എഫ് സ്ഥാനാർഥി എം.സ്വരാജ്, യു.ഡി.എഫിന്റെ ആര്യാടൻ ഷൗക്കത്ത്, എൻ.ഡി.എ സ്ഥാനാർഥി മോഹൻ ജോർജ് എന്നിവർക്ക് പുറമേ സ്വതന്ത്ര സ്ഥാനാർത്ഥിയായി പി.വി അൻവറുമാണ് മത്സര രംഗത്തെ പ്രമുഖർ. ബലി പെരുന്നാൾ ദിനമായ ഇന്ന് LDF UDF NDA മുന്നണികൾ പരസ്യപ്രചാരണം ഒഴിവാക്കി പള്ളികളിലും വീടുകളിലും സന്ദർശനം നടത്തി വോട്ടു തേടുകയാണ്. 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 നാണ്..

&&&&&&&&&&&&&&

**COAST GUARD-VIZHINJAM**

കോസ്റ്റ് ഗാർഡിന്റെ വിഴിഞ്ഞം സ്റ്റേഷനു വേണ്ടി നിർമിച്ച പുതിയ ബെർത്ത് കമ്മിഷൻ ചെയ്തു. വിഴിഞ്ഞം കോസ്റ്റ് ഗാർഡ് ജെട്ടിയിൽ നടന്ന ചടങ്ങിൽ കോസ്റ്റ് ഗാർഡ് ഡയറക്ടർ ജനറൽ പർമേഷ് ശിവമണി ഉദ്ഘാടനം ചെയ്തു. വലിയ കപ്പലുകൾക്ക് അടുക്കാൻ സാധിക്കുന്നതാണ് നീളംകൂടിയ പുതിയ ബെർത്ത്. സ്വന്തമായി ബെർത്ത് നിർമിച്ചതോടെ കോസ്റ്റ് ഗാർഡ് വിഴിഞ്ഞം സ്റ്റേഷന് ഇനി ഏതുസമയത്തും കപ്പലടുപ്പിക്കാം.

&&&&&&&&&&&&&&

**HEADLINE-5**

## FRENCH OPEN

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് വനിതാ സിംഗിൾസിൽ ഫൈനലിൽ ഇന്ന് ലോക ഒന്നാം നമ്പർ താരം ആര്യാന സബലേങ്കയും രണ്ടാം സീഡ് കോക്കോ ഗൗഫും ഏറ്റുമുട്ടും. ഇതാദ്യമായാണ് സബലേങ്ക ഫ്രഞ്ച് ഓപ്പണിന്റെ ഫൈനലിലെത്തുന്നത്. കോക്കോയുടെ രണ്ടാം ഫൈനലാണിത്. പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ യാനിക് സിന്നറും സ്പെയിനിന്റെ കാർലോസ് അൽകാരസും നാളെ കളത്തിലിറങ്ങും. ഇറ്റലിയുടെ ലോറെൻസോ മുസെറ്റി പരിക്കേറ്റ് പിൻമാറിയതിനെത്തുടർന്നാണ് നിലവിലെ ചാമ്പ്യനായ അൽകാരസ് ഫൈനലിലെത്തിയത്.

&&&&&&&&&&&&&&

## Piyush Chawla retired,

ഇന്ത്യൻ സ്പിൻ ബൗളർ പിയൂഷ് ചൗള രാജ്യാന്തര ക്രിക്കറ്റിൽ നിന്നും ഔദ്യോഗികമായി വിരമിച്ചു. 36 കാരനായ അദ്ദേഹം 20 വർഷം നീണ്ട പ്രൊഫഷണൽ കരിയറിൽ മൂന്ന് ടെസ്റ്റുകളും 25 ഏകദിനങ്ങളും ഏഴ് ടി20 മത്സരങ്ങളും കളിച്ചിട്ടുണ്ട്. 2012 ൽ ശ്രീലങ്കയിൽ നടന്ന ടി20 ലോകകപ്പിലാണ് ഇന്ത്യയ്ക്കായി അവസാനമായി കളിച്ചത്. 2007 ലെ ഐസിസി ടി20 ലോകകപ്പിലും തുടർന്ന് 2011 ലെ ഐസിസി ക്രിക്കറ്റ് ലോകകപ്പിലും വിജയിച്ച ഇന്ത്യൻ ടീമിന്റെ ഭാഗമായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&

## WHO-INDIA COLLABORATION

ജനീവയിൽ നടന്ന എട്ടാമത് ആഗോള ദുരന്തസാധ്യതാ പരിഹാര വേദിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പി.കെ. മിശ്രയുമായി, ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ ടെഡ്രോസ് അദാനോം ഗെബ്രിയേസസ് ചർച്ച നടത്തി. ആഗോള പൊതുജനാരോഗ്യ കാര്യങ്ങളിൽ ലോകാരോഗ്യ സംഘടനയുമായുള്ള ഇന്ത്യയുടെ സഹകരണത്തിനും സംഭാവനയ്ക്കും ശ്രീ ഗെബ്രിയേസസ്, മിശ്രയോട് നന്ദി പറഞ്ഞു.

&&&&&&&&&&&&&&

## SHINE CHACKO

നടൻ ഷൈൻ ടോം ചാക്കോയുടെ പിതാവ് C P ചാക്കോയുടെ മൃതദേഹം തൃശ്ശൂരിൽ എത്തിച്ചു. തമിഴ്നാട് ധർമ്മപുരിയിൽ ഇന്നലെ പുലർച്ചെ ഉണ്ടായ വാഹനാപകടത്തിലാണ് C P ചാക്കോ മരിച്ചത്. പരിക്കേറ്റ ഷൈൻ ടോമിനെയും, മാതാവ് മറിയ കാർമലിനെയും തൃശൂരിലെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി. അതേസമയം കേന്ദ്രസഹമന്ത്രി സുരേഷ്ഗോപി ഇന്ന് ഷൈനിനെ ആശുപത്രിയിൽ സന്ദർശിച്ചു.

&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&